ളുടെ ഇടപാടുകാരൻ ബാങ്കുവഴി അമ്പതുകോടി ഡോളർ ഇന്ത്യയിൽ നിങ്ങൾക്ക് അയച്ചുതരുന്നു. ശേഷിച്ച അമ്പതുകോടി ഡോളർ, സ്വിസ് ഫ്രാങ്ക് ആക്കിമാററി സ്വിസ് ബാങ്കിലുള്ള നിങ്ങളുടെ കണക്കിൽ, അയാൾ നിക്ഷേപിച്ചു നിങ്ങളെ വിവരം അറിയിക്കുന്നു. ഇതും പരമരഹസ്യം ആയിട്ടായിരിക്കും.

നിങ്ങൾ ഇന്ത്യയിൽ ഒരു സ്റ്റേററിലെ മന്ത്രിയാണെന്നു കരുതുക. നിങ്ങളുടെ വകുപ്പിന്റെ ആവശ്യത്തിന് കാനഡയിൽനിന്നോ, അമേരിക്കയിൽനിന്നോ (മറേറതെങ്കിലും വിദേശരാജ്യത്തുനിന്നോ) അഞ്ഞൂറു കോടി രൂപ വിലയുള്ള യന്ത്രസാമഗ്രികൾ നിങ്ങൾ വാങ്ങുന്നു. സാധാരണനിലയിൽ ഒന്നോ രണ്ടോ (കൂടുതലോ) ശതമാനം വരുന്ന സ്വകാര്യ കമ്മീഷൻ (കിക്ക്ബാക്ക്) ഇത്തരം ഇടപാടുകളിൽ ഇടനിലക്കാർക്കു വലിയ കമ്പനികൾ കൊടുക്കാറുണ്ട്. അതിനാൽ ഒന്നോ രണ്ടോ കോടി രൂപ ഈ ഇടപാടിന്റെ പേരിൽ സ്വകാര്യമായി, ഇടനിലക്കാരനെന്ന നിലയിൽ, നിങ്ങൾക്കു തരാൻ കമ്പനിക്കാർ മടിക്കുകയില്ല. ഈ തുക ഇന്ത്യയിൽ കൊണ്ടുവരാനല്ലേ പ്രയാസമുള്ളൂ? സാരമില്ല! സ്വിസ്ബാങ്കിൽ ഒരു അക്കൗണ്ട് തുറന്നോളൂ. കമ്പനിക്കാർ ആ തുക ബാങ്കിലിട്ടോളും. അതു നിങ്ങൾക്ക് ആപത്തുകാലത്ത് ഉപകരിക്കും.

ഇന്ത്യയിൽ ബാങ്കുകൾ ദേശസാൽക്കരിച്ചിരിക്കുകയാണല്ലോ. സ്വിററ്സർലൻഡിൽ ബാങ്കുകളെല്ലാം വ്യക്തികളുടെ വകയാണ്. ദരിദ്രരാജ്യങ്ങളിലെ അഴിമതിക്കാർ നിക്ഷേപിക്കുന്ന വൻതുകകൾ, തങ്ങളുടെ ഇഷ്ടംപോലെ ധനികരാജ്യങ്ങളിൽ അതിലാഭത്തിനു മുടക്കാൻ അവിടെ ബാങ്കുടമകൾക്കു കഴിയുന്നു. നഷ്ടം നിക്ഷേപകരുടെ രാജ്യങ്ങൾക്കാണ് എന്നു പറയേണ്ടതില്ല.

ഇന്ത്യയിലെ അഴിമതിക്കാർ വിദേശബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള കള്ളപ്പണം 1987 മാർച്ച് 31–ാം തീയതിക്കകം ഇന്ത്യയിലേക്കു തിരികെ കൊണ്ടുവരുകയാണെങ്കിൽ, ആ പണത്തെപ്പററി ഒരു അന്വേഷണവും ഇന്ത്യാഗവണ്മെൻറ് നടത്തുകയില്ലെന്നു കേന്ദ്രമന്ത്രി ശ്രീ വിശ്വനാഥ പ്രതാപസിംഹ് പാർലമെൻറിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

'ആ കളിപ്പീരു് അങ്ങു വച്ചേരേ' എന്നാവും നമ്മുടെ കള്ളപ്പണവീരന്മാരിൽ അധികംപേരുടെയും മനസ്സിൽ. മരണാനന്തരം സ്വർഗത്തിൽ കിട്ടുന്ന സുഖഭോഗങ്ങൾക്കുവേണ്ടി കഷ്ടപ്പെട്ടു പുണ്യകർമങ്ങൾ ചെയ്യുന്നവരല്ലേ നാം? സ്വർഗത്തിന് അല്പം മാത്രം താഴെയുള്ള സ്വിററ്സർലൻഡിലോ മററു പാശ്ചാത്യരാജ്യങ്ങളിലോ ഈ ജീവിതത്തിൽത്തന്നെ നേടാവുന്ന സ്വർഗതുല്യമായ സുഖഭോഗങ്ങൾക്കായി കുറച്ചു പണം ഒരു സ്വിസ്ബാങ്കിലെ കണക്കിൽ തങ്ങളുടെ പേരിൽ കിടക്കുകയാണെങ്കിൽ ശ്രീ വിശ്വനാഥ് പ്രതാപ്സിംഹ് അതിൽ എന്തിന് അസൂയപ്പെടണം എന്നു നമ്മുടെ കള്ളപ്പണക്കാർ ചിന്തിച്ചാൽ അതല്ലേ സ്വാഭാവികം?

(25 ജനുവരി, 1987)

## 21. അറുപതു വർഷം ചക്രവത്തി

ഇന്ത്യാക്കാർക്ക് സൂര്യൻ ഒരു പുരുഷദേവനാണ്. ഈ ദേവന്റെ സന്താനപരമ്പരകളാണു തങ്ങളെന്ന് ഇന്ത്യയിലെ പല രാജവംശങ്ങളും അവകാശപ്പെട്ടിരുന്നു. ഇംഗ്ലീഷ് ഭാഷയിലും സൂര്യപര്യായം പുല്ലിംഗമായാണു കരുതപ്പെടുന്നതു്. എന്നാൽ, ജർമൻഭാഷയിൽ സൂര്യപര്യായം സ്ത്രീലിംഗ

മാകുന്നു. ജപ്പാൻകാർ സൂര്യനെ ഒരു സ്ത്രീദേവതയായിട്ടാണു പരിഗണിക്കുന്നതു്. 'അമ തെരസു' എന്നു തങ്ങൾ വിളിക്കുന്ന സൂര്യദേവതയുടെ സന്താനപരമ്പരയിൽപ്പെട്ടവരാണു തങ്ങളുടെ ചക്രവർത്തിമാരെന്നു് ജപ്പാൻകാർ വിശ്വസിക്കുന്നു. ഈ പരമ്പരയിൽ 124–ാമത്തെ ആളാണു്, ഈ വരുന്ന 1986 ഡിസംബറിൽ അറുപതു വർഷത്തെ വാഴ്ച പൂർത്തിയാക്കുന്ന ഹിരോഹിതോ ചക്രവർത്തി. ജപ്പാനെപ്പോലെ വിസ്തൃതവും ശക്തവുമായ ഒരു രാഷ്ട്രത്തിന്മേൽ ഇത്ര നീണ്ടകാലം ഭരണം നടത്തിയ ചക്രവർത്തിമാർ ലോകചരിത്രത്തിൽ വളരെ കുറവാണു്.

ഇപ്പോൾ എൺപത്താറുവയസ്സായ ഹിരോഹിതോ പിറക്കുമ്പോൾ, അദ്ദേഹത്തിൻെറ മുത്തച്ഛൻ മൈജി ആയിരുന്നു സിംഹാസനത്തിൽ. ചരിത്രത്തിൻെറ ആരംഭംമുതൽ, മററു രാഷ്ട്രങ്ങളിൽനിന്നു് ഒററപ്പെട്ടു്, ശാന്തസമുദ്രത്തിൻെറ ഏകാന്തതയിൽ, സ്വന്തമായ ഒരു ഫ്യൂഡലിസ്റ്റ്സംസ്കാരം വളർത്തിയെടുത്ത ജപ്പാനു് 1853–ൽ അമേരിക്കൻനാവികനായ കോമഡോർ പെറിയുടെ യുദ്ധക്കപ്പലുകൾക്കു മുമ്പിൽ ആദ്യമായി തലകുനിക്കേണ്ടിവന്നു. 'ഷോഗൂൺ' എന്നു പേരുള്ള മന്ത്രികുടുംബമാണു്, ചക്രവർത്തിയുടെ പേരിൽ, യഥാർത്ഥത്തിൽ ജപ്പാൻ ഭരിച്ചിരുന്നതു്. വിദേശീയർക്കു പല പ്രത്യേകാധികാരങ്ങളും ജപ്പാനിൽ നൽകാൻ ഷോഗൂൺ ഭരണം നിർബന്ധിതമായി. ഹിരോഹിതോവിൻെറ മുത്തച്ഛൻ മൈജിയുടെ വാഴ്ചക്കാലത്തു് ഈ സ്ഥിതിക്കൊരു വ്യത്യാസം വന്നു, ഷോഗൂൺവാഴ്ച അവസാനിപ്പിക്കപ്പെട്ടു. ചക്രവർത്തിയുടെ സർവാധിപത്യം സ്ഥാപിതമായി. ചക്രവർത്തി ഈശ്വരനാണെന്നു പ്രഖ്യാപിക്കപ്പെട്ടു; ചക്രവർത്തിയെ ഈശ്വരനായി ആരാധിക്കുന്ന ഷിൻേറാ ജപ്പാൻെറ ഔദ്യോഗിക മതമായി. ഈശ്വരനായിരുന്നതിനാൽ ചക്രവത്തിയുടെ ഫോട്ടോ എടുക്കുന്നതു നിഷിദ്ധമായിരുന്നു. ചക്രവത്തി എഴുന്നെള്ളുമ്പോൾ, അദ്ദേഹത്തിൻെറ നേരെ നോക്കിയാൽ, സാധാരണ ജനങ്ങൾ മരിച്ചുവീഴുമെന്നായിരുന്നു വിശ്വാസം.

ഭാവിയിൽ ചക്രവത്തിയാകേണ്ട ഹിരോഹിതോവിനെ, പിറന്നു് മൂന്നാം മാസത്തിൽ അമ്മയിൽനിന്നു് അകററി. കുടുംബത്തിലെ മററു് അംഗങ്ങളുമായി ഈ ശിശുവിനു സമ്പർക്കം നിഷേധിക്കപ്പെട്ടു. ചക്രവത്തിയുടെ അധികാരം പുനഃസ്ഥാപിക്കുന്നതിനു് ഷോഗൂൺകളുമായി നടത്തിയ യുദ്ധത്തിൽ രണ്ടു തവണ മുറിവേററിരുന്ന മാരേസുകേ നോഗി എന്ന ഒരു യാഥാസ്ഥിതികവൃദ്ധപ്രഭുവിൻെറ ചുമതലയായി ഈ ശിശുവിൻെറ സംരക്ഷണം.

താൻ ഈശ്വരനാണെന്നു പ്രഖ്യാപിച്ചുവെങ്കിലും,മൈജി ചക്രവത്തി ശ്രമിച്ചതു കഴിയും വേഗത്തിൽ ജപ്പാനെ പാശ്ചാത്യവല്ക്കരിക്കാനാണു്. ആധുനികവ്യവസായങ്ങൾ പടുത്തുയർത്തിയും സയൻസ് പ്രചരിപ്പിച്ചും മൈജി ജപ്പാനെ വളരെ ചുരുങ്ങിയ കാലംകൊണ്ടു നവീകരിച്ചു. പാശ്ചാത്യമാതൃകയിൽ സുശക്തമായ ഒരു സൈന്യവും അദ്ദേഹം സംഘടിപ്പിച്ചു. പാശ്ചാത്യരെ അവരുടെ ആയുധങ്ങൾ ഉപയോഗിച്ചുതന്നെ പരാജയപ്പെടുത്തുകയായിരുന്നു മൈജിയുടെ ലക്ഷ്യം.

നാലു പ്രധാന ദ്വീപുകളിലും അനവധി ചെറു ദ്വീപുകളിലുമായി, 1,45,711 ചതുരശ്രമൈൽ സ്ഥലത്തു പരന്നുകിടക്കുന്നതും, ഇപ്പോൾ പന്ത്രണ്ടുകോടിയോളം ജനങ്ങൾ പാർക്കുന്നതുമായ ജപ്പാൻ നാല്പത്തേഴു സ്റ്റേററുകൾ (പ്രിഫെക്ടുകൾ) ആയി വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ സ്റ്റേററുകളുടെയെല്ലാം ഭരണത്തലവൻ ആകയാലാണു് ജപ്പാനിലെ രാജാവു് 'ചക്രവത്തി' ആയതു്. ജപ്പാനു് ഇപ്പോൾ 'സാമ്രാജ്യം' ഇല്ല. ഇടക്കാലത്തു് മഞ്ചൂറിയയിൽ ജപ്പാൻ വെട്ടിപ്പിടിച്ച സാമ്രാജ്യം രണ്ടാംമഹായുദ്ധത്തിലെ പരാജയത്തോടെ,'നഷ്ടപ്പെട്ടിരിക്കുന്നു.

1921–ൽ, തന്റെ അച്ഛനുവേണ്ടി ഭരണച്ചുമതല വഹിച്ചുകൊണ്ടിരിക്കെ, ഹിരോഹിതോ ബ്രിട്ടൻ സന്ദർശിച്ചു. ഒരു ജാപ്പനീസ് രാജകുമാരൻ ജപ്പാനു പുറത്തുപോകുന്നതു് അന്നു് ആദ്യമായിട്ടായിരുന്നു. പിന്നീടു് വിൻഡ്സർ പ്രഭു ആയിത്തീർന്ന അന്നത്തെ വെയ്ൽസ് രാജകുമാരനുമായി അടുത്തു പരിചയപ്പെടാൻ ഈ സന്ദർശനത്തിൽ ഹിരോഹിതോവിനു കഴിഞ്ഞു. തിരിച്ചു ജപ്പാനിലെത്തിയപ്പോൾ, ഇംഗ്ലണ്ടിലെ ചില ജനാധിപത്യവഴക്കങ്ങൾ ജപ്പാനിലും നടപ്പാക്കുവാൻ ഹിരോഹിതോ ഒരു ശ്രമം നടത്താതിരുന്നില്ല. പക്ഷേ, 'ഉദാരതയെ സംബന്ധിച്ച ആപല്ക്കരങ്ങളായ അദ്ദേഹത്തിന്റെ മിഥ്യാഭ്രമങ്ങളെ അന്നത്തെ ജാപ്പനീസ് മേധാവിവർഗം എതിർത്തു തോല്പിച്ചു. അടുത്ത വർഷം (1922–ൽ) വെയ്ൽസ്‌രാജകുമാരൻ ജപ്പാനിൽ ഒരു പ്രതിസന്ദർശനം നടത്തിയപ്പോൾ, ആ 'മ്ലേച്ഛ'നെ കൊട്ടാരത്തിൽ സ്വീകരിച്ചതിൽ പ്രതിഷേധിച്ചു് ഒരു കടുത്ത ജാപ്പനീസ് ദേശീയവാദി കൊട്ടാരത്തിനു മുമ്പിൽച്ചെന്നു് ആത്മഹത്യചെയ്യുകയുമുണ്ടായി.

1926–ൽ, പിതാവിന്റെ മരണത്തെത്തുടർന്നു്, ഹിരോഹിതോ ചക്രവർത്തി പദവി ഏററു. പ്രായപൂർത്തിവന്ന എല്ലാ പുരുഷന്മാർക്കും വോട്ടവകാശമുള്ള പാർലമെന്ററി ഭരണവ്യവസ്ഥ അതിനകം ജപ്പാനിൽ നടപ്പായിരുന്നു. (സ്ത്രീകൾക്കു ജപ്പാനിൽ വോട്ടവകാശം കിട്ടിയതു് 1947–ൽ മാത്രമാണു്.) എങ്കിലും ചക്രവർത്തി അപ്പോഴും 'ഈശ്വരൻ' തന്നെയായിരുന്നു; ഭരണഘടനയ്ക്കു മുകളിലായിരുന്നു അദ്ദേഹത്തിന്റെ സ്ഥാനം. ജപ്പാനിൽ പട്ടാളനേതാക്കൾ ഈ കാലത്തു ശക്തിയാർജിച്ചു. അവർ മഞ്ചൂറിയ പിടിച്ചടക്കി; ചൈനയെ ആക്രമിക്കുകയുംചെയ്തു. 1930–കളിലെ സാമ്പത്തികാധഃപതനവും, രാഷ്ട്രീയകക്ഷികളുടെ പിടിപ്പുകേടും, ജപ്പാന്റെ ഭരണം തികച്ചും പട്ടാളപ്രഭുക്കളുടെ കൈയിൽ കേന്ദ്രീകരിക്കുന്നതിനിടവരുത്തി. അവർ ചക്രവർത്തിയുടെ പേരിൽ സ്വേച്ഛാഭരണം നടത്തി. 'ഉദ്‌ബുദ്ധമായ സമാധാനം' എന്നു് അർത്ഥമുള്ള 'ഷോവ' എന്ന പേരാണു്, ചക്രവർത്തിയായി സ്ഥാനമേല്ക്കുന്ന അവസരത്തിൽ, ഹിരോഹിതോ സ്വീകരിച്ചിരുന്നതു്. പക്ഷേ, അദ്ദേഹത്തിന്റെ ഭരണകാലത്തു് ജപ്പാനിൽ ഉദ്‌ബുദ്ധതയോ, സമാധാനമോ നിലവിൽ വന്നില്ല. മറിച്ചു്, ഇററലിയിൽ മുസ്സോളിനിയും ജർമ്മനിയിൽ ഹിററ്ലറുംചെയ്ത കാര്യങ്ങൾ ജപ്പാനിൽ, ഹിരോഹിതോവിന്റെ പേരു് ഉപയോഗപ്പെടുത്തി, പട്ടാളപ്രഭുക്കൾ ചെയ്തു. അങ്ങനെ ജപ്പാൻ രണ്ടാം മഹായുദ്ധത്തിൽ ഫാസിസ്റ്റ്ശക്തികളുടെ ഭാഗത്തു ചേർന്നു. അമേരിക്കയുടേതായ ഹവായിയിലെ പേൾഹാർബർ ബോംബിട്ടു തകർത്തതിനു പ്രതികാരമായി, 1945 ആഗസ്റ്റിൽ അമേരിക്ക ജപ്പാന്റെ ഹിരോഷിമ, നാഗസാക്കി എന്നീ നഗരങ്ങളിൽ അണുബോംബെറിഞ്ഞു.

അതുവരെ ഭരണകാര്യങ്ങളിൽനിന്നു് ഒഴിഞ്ഞുനിന്ന ഹിരോഹിതോ അപ്പോൾ രംഗത്തു വന്നു. ഈശ്വരനും ചക്രവർത്തിയുമെന്ന നിലയിൽ ഹിരോഹിതോ ജപ്പാൻകാരോടു്, സഖ്യശക്തികൾക്കു കീഴടങ്ങി ആയുധംവയ്ക്കാൻ ആവശ്യപ്പെട്ടു. അതിനാൽ, ദക്ഷിണപൂർവേഷ്യയിലും ജപ്പാനിലും സൈനികാധിനിവേശം ഏർപ്പെടുത്തിയ അമേരിക്കക്കാർക്കു ജപ്പാൻഭടന്മാരിൽനിന്നു ചെറുത്തുനില്പു് നേരിടേണ്ടിവന്നില്ല. ഇതിനുള്ള കൃതജ്ഞത എന്ന നിലയിൽ അമേരിക്കക്കാർ ഹിരോഹിതോവിനെ സ്ഥാനഭ്രഷ്ടനാക്കുകയോ യുദ്ധക്കുററം ചുമത്തി വിചാരണചെയ്യുകയോ ഉണ്ടായില്ല. പക്ഷേ, ചക്രവർത്തിയുടെ ഉപദേഷ്ടാക്കളോടെല്ലാം അവർ പകവീട്ടി.

അമേരിക്കക്കാർ നിർദേശിച്ച തരത്തിലുള്ള ഒരു ജനാധിപത്യ ഭരണ

ഘടന 1947—ൽ ജപ്പാൻ അംഗീകരിച്ചു. ജപ്പാൻകാരുടെ ഐക്യത്തിന്റെയും ഭരണകൂടത്തിന്റെയും പ്രതീകം എന്ന നിലയിൽ പാരമ്പര്യസിദ്ധമായ ചക്രവർത്തിസ്ഥാനം ഈ ഭരണഘടനയിലും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ചക്രവർത്തിയെ ഈശ്വരനായി കരുതി ആരാധിക്കുന്ന ഷിൻേറാ 1945—ൽ ജപ്പാനിലെ ഔദ്യോഗികമതം അല്ലാതായെങ്കിലും, എൺപതിനായിരത്തിലധികം ഷിൻേറാ ക്ഷേത്രങ്ങൾ ഇപ്പോഴും ജപ്പാനിലുണ്ട്.

അറുപതു വർഷം നീണ്ട തന്റെ വാഴ്ചക്കാലത്ത് ഹിരോഹിതോ ചക്രവർത്തി എന്തു ചെയ്യുകയായിരുന്നു? അപൂർവമായേ അദ്ദേഹം പൊതുരംഗത്തു പ്രത്യക്ഷപ്പെടാറുള്ളു. ആണ്ടിൽ രണ്ടുതവണ, നവവത്സോത്സവത്തിലും തന്റെ പിറന്നാൾ ആഘോഷിക്കുമ്പോഴും, അദ്ദേഹം അമ്പതുവാര അകലെ, വെടിയേററാൽ തുളയാത്ത കണ്ണാടിപ്പലകയ്ക്കു പുറകിൽ നിന്നു ജനങ്ങൾക്കു ദർശനം നൽകും. രാജകുടുംബത്തിന്റെ വാർത്തകൾ ജാപ്പനീസ് പത്രങ്ങളിൽ സാധാരണയായി വരാറില്ല. രാജകീയ വാർത്തകൾമാത്രം തയ്യാറാക്കി പത്രങ്ങൾക്കു കൊടുക്കുന്ന ഒരു 'കൊട്ടാരം പ്രസ് ക്ലബ്ബ്' ജപ്പാനിലുണ്ട്. അവർ കൊടുക്കുന്ന കൊട്ടാരം വാർത്തകൾ മാത്രമേ പത്രങ്ങളിൽ ചേർക്കൂ. ഈ പത്രപ്രതിനിധികൾ മററു വാർത്തകളെപ്പററി എഴുതി തങ്ങളുടെ തൂലികകളെ മലിനപ്പെടുത്താറുമില്ല. ഇപ്പോൾ ചക്രവർത്തിയുടെ ഫോട്ടോ എടുക്കൽ അനുവദിക്കപ്പെട്ടിട്ടുണ്ട്.

ചക്രവർത്തിസ്ഥാനം നിലനിർത്തുന്നതിനെപ്പററി ജപ്പാനിലെ പൊതുജനാഭിപ്രായം എന്താണ്? ഈയിടെ പത്രക്കാർ നടത്തിയ ഒരു അഭിപ്രായവോട്ടെടുപ്പിൽ 35.2 ശതമാനം വായനക്കാരും പറഞ്ഞതു് തങ്ങൾക്കു് ചക്രവർത്തിയോടു സൗഹൃദമനോഭാവമാണുള്ളതെന്നാണ്. 22.2 ശതമാനം വായനക്കാർ ചക്രവർത്തിയെ തങ്ങൾ ആദരിക്കുന്നുവെന്നു പറഞ്ഞു. ചക്രവർത്തിക്കെതിരായിരുന്നതു് 2.5 ശതമാനം വായനക്കാർ മാത്രമായിരുന്നു. 32.8 ശതമാനം വായനക്കാർക്കു് ചക്രവർത്തിയുടെ കാര്യത്തിൽ തികഞ്ഞ ഔദാസീന്യമാണുണ്ടായിരുന്നതു്.

എൺപത്താറു വയസ്സായ ഹിരോഹിതോ ചക്രവർത്തി സ്ഥാനം ഒഴിഞ്ഞു്, ആ പദവി അമ്പത്തിരണ്ടു വയസ്സായ മകൻ അകിഹിതോവിനു് ഏല്പിച്ചു കൊടുക്കണമെന്ന അഭിപ്രായം 39.7 ശതമാനം വായനക്കാർ രേഖപ്പെടുത്തി. ഇതിനായി, സ്ഥാനത്യാഗം ചെയ്യാൻ ചക്രവർത്തിയെ അനുവദിക്കുന്ന ഒരു നിയമം ഭരണഘടനയിൽ പുതുതായി എഴുതിച്ചേർക്കണമെന്നായിരുന്നു 37.2 ശതമാനം വായനക്കാരുടെ അഭിപ്രായം.

രണ്ടാം മഹായുദ്ധത്തിന്റെ നേതാക്കളിൽ ഇന്നു ജീവിച്ചിരിപ്പുള്ള ഒരേ ഒരാൾ ഹിരോഹിതോ ആണ്. ലോകപ്രസിദ്ധനായ ഒരു സമുദ്രജന്തുശാസ്ത്രജ്ഞനാണ് ഈ വൃദ്ധൻ എന്നു വളരെ കുറച്ചുപേരേ മനസ്സിലാക്കിയിട്ടുള്ളു. ഹിരോഹിതോ തനിക്കു കത്തുകൾ എഴുതാറുണ്ടെന്നു്, തിരുവനന്തപുരത്തെ പ്രസിദ്ധ സമുദ്രജന്തുശാസ്ത്രജ്ഞനായ ഡോക്ടർ ജോൺസ് എന്നോടു പറഞ്ഞിട്ടുണ്ട്. കൊട്ടാരത്തിലുള്ള ലാബറട്ടറിയിൽ, മൈക്രോസ്കോപ്പിലൂടെ സമുദ്രജീവികളെ നിരീക്ഷിച്ചുകൊണ്ടാണ് ഹിരോഹിതോ തന്റെ സമയമധികവും ചെലവഴിക്കുന്നതു്. സമുദ്രജന്തുശാസ്ത്രത്തെപ്പററി അമൂല്യങ്ങളായ പല ഗ്രന്ഥങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ടത്രേ. ഒരു പുതിയ ഇനം ഞണ്ടിനെ ഈയിടെ ഹിരോഹിതോ 'കണ്ടുപിടിക്കുക'യുമുണ്ടായി.

അണുബോംബിന്റെ വിഷാഗ്നിജ്വാലകളിലേക്കു് തന്റെ ജനങ്ങളെ എത്തിച്ച ഹിരോഹിതോതന്നെ, മരണച്ചാരത്തിൽനിന്നു് ജപ്പാനെ ഒരു ആധുനിക—സമ്പന്ന—വ്യവസായരാഷ്ട്രമായി പടുത്തുയർത്തുന്നതി

നും നേതൃത്വംനൽകിയിരിക്കുന്നു. ഏതാനും വർഷങ്ങൾക്കകം ലോകത്തിലെ ഏററവുമധികം വ്യവസായവത്കൃതമായ രാഷ്ട്രമെന്ന പദവി ജപ്പാനു കൈവരുന്നതായിരിക്കും. ജപ്പാനുമായുള്ള വ്യാപാരത്തിൽ പ്രതിവർഷം വലിയ കമ്മിയാണ് അമേരിക്കയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. റഷ്യയ്ക്കെതിരെ ജപ്പാൻപട്ടാളശക്തിയെ വളർത്തിക്കൊണ്ടുവരാനുള്ള ശ്രമം, പരസ്യമായിത്തന്നെ, അമേരിക്ക നടത്തിക്കൊണ്ടിരിക്കുകയാണ്.

ദാരിദ്ര്യത്തിലും അജ്ഞതയിലും ആണ്ടുകിടക്കുന്ന പൗരസ്ത്യരാജ്യങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിന് തങ്ങളുടെ അപരിമിതമായ ധനശക്തിയും മേധാശക്തിയും പ്രയത്നശക്തിയും ജപ്പാൻ ഉപയോഗപ്പെടുത്തുമോ? അതോ, അമേരിക്കൻ പ്രേരണകൾക്കു വഴങ്ങി, തങ്ങളുടെ പഴയ സാമ്രാജ്യസ്വപ്നങ്ങളിലേക്ക് ജപ്പാൻ തിരിച്ചുപോകുമോ? രണ്ടായാലും, അടുത്ത കാൽനൂററാണ്ടുകാലം, ലോകചരിത്രത്തിൽ, 'ജാപ്പനീസ് യുഗം' ആയി അറിയപ്പെട്ടുകൂടായ്കയില്ല. ആ യുഗത്തിൽ, പക്ഷേ, ജപ്പാന്റെ പ്രതീകം ഹിരോഹിതോ ആയിരിക്കുകയില്ല; അകിഹിതോ ആയിരിക്കാനാണു സാധ്യത.

(6 ജൂലൈ, 1986)

# 22. ബ്രിട്ടീഷ്‌രാജ്ഞിയുടെ ഷഷ്ടിപൂർത്തി

'ദൈവത്തിന്റെ അനുഗ്രഹത്താൽ, ഗ്രേററ്ബ്രിട്ടനും വടക്കേ അയർലൻഡും അടങ്ങിയ യുണൈറെറഡ് കിങ്ഡത്തിന്റെയും മററു രാജ്യങ്ങളുടെയും പ്രദേശങ്ങളുടെയും രാജ്ഞിയും കോമൺവെൽത്തിന്റെ അധിപയും (ഹെഡ്), വിശ്വാസത്തിന്റെ സംരക്ഷികയും ആയ രണ്ടാം എലിസബത്തിനു'' ഇക്കഴിഞ്ഞ (1986) ഏപ്രിൽ 21–ാം തീയതി അറുപതു വയസ്സു തികഞ്ഞു. ബ്രിട്ടനിൽ വേറെ ഏതെങ്കിലും ഉദ്യോഗത്തിലായിരുന്നു എങ്കിൽ അന്ന് അവർക്കു പെൻഷൻപററാമായിരുന്നു. എന്നാൽ, ആ രാജ്യത്ത് രാജ്ഞിയുദ്യോഗത്തിനു പെൻഷനില്ല. അതിനാൽ എലിസബത്തിനു കിട്ടാനുള്ളത് ആരോഗ്യ–സാമൂഹ്യഭദ്രതാനിയമങ്ങൾ അനുസരിച്ചുള്ള വാർദ്ധക്യപെൻഷൻ മാത്രമാണ്. ഈ നിയമങ്ങളനുസരിച്ച്, രാജ്ഞിക്കും അവരുടെ ഭർത്താവ് എഡിൻബറോ പ്രഭു, ഫിലിപ്പ് രാജകുമാരൻ, ലെഫ്ടനന്റ്, ഫിലിപ്പ് മൗണ്ട്ബാററനും കൂടി ആഴ്ചതോറും അറുപത്തൊന്നു പവനും മുപ്പതു ഷില്ലിങ്ങും പെൻഷൻ കിട്ടിയേക്കും. പക്ഷേ, അതിലുമുണ്ട് ഒരു കുഴപ്പം: ഭർത്താവിന് അറുപത്തഞ്ചുവയസ്സും ഭാര്യയ്ക്ക് അറുപതുവയസ്സും തികഞ്ഞാലേ ബ്രിട്ടനിൽ ഈ പെൻഷൻ ലഭിക്കൂ. രാജകീയദമ്പതിമാരിൽ ഭാര്യയ്ക്ക് ഏപ്രിലിൽ പെൻഷൻപ്രായമായിക്കഴിഞ്ഞെങ്കിലും ഭർത്താവിന് അറുപത്തഞ്ചു തികയുക വരുന്ന (1986) ജൂൺമാസത്തിൽ മാത്രമാണ്. അതിനാൽ, ഏപ്രിൽ–മെയ് മാസങ്ങളിൽ ഈ കുടുംബത്തിനു വാർദ്ധക്യപെൻഷൻ ബ്രിട്ടനിൽ കിട്ടുകയില്ല.

സാരമില്ല, രാജ്ഞിയുദ്യോഗത്തിന് ബ്രിട്ടനിൽ പ്രായപരിധിയില്ല. എലിസബത്തിന് എത്ര വർഷം വേണമെങ്കിലും രാജ്ഞിയുദ്യോഗത്തിൽ തുടരാം. ഈ ഉദ്യോഗത്തിലിരിക്കുന്ന വ്യക്തിക്കു മാത്രമല്ല, ആ വ്യക്തിയുടെ കുടുംബത്തിൽപ്പെട്ടവർക്കുകൂടി, ശമ്പളം കൊടുക്കാൻ ബ്രിട്ടീഷ് സിവിൽലിസ്റ്റിൽ വ്യവസ്ഥയുണ്ടുതാനും. 1983–ൽ രാജ്ഞിയുടെ ശമ്പളം ആണ്ടിൽ മുപ്പത്തേഴുലക്ഷത്തി പതിനായിരത്തിനാനൂറു